# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3505 — 15.03.2018 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.അബ്ദുൾ ഹമീദ് പി

**മറുപടി**

ഡോ.റ്റി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### മുൻ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന ക്ഷേമപദ്ധതികൾ

| | | |
|---|---|---|
| എ | മുൻ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന എത്ര ക്ഷേമപദ്ധതികൾ നടപ്പിലാക്കാനായി എന്ന് വെളിപ്പെടുത്തുമോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ 1100 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആൺകുട്ടികൾക്ക് ആഫ്റ്റർ കെയർ ഹോം ആരംഭിക്കുന്നതിന് 2017 മെയ് മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ നൽകിയിരുന്നു. ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് 5 കോടി രൂപ അനുവദിക്കുന്നതാണ്.<br><br>ഭിന്നശേഷിക്കാരുടെ സുരക്ഷ സംബന്ധിച്ച ബാരിയർ ഫ്രീ, സ്വാലംബൻ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കോടതിവിധി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2017 ലെ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുകയും ഈ സാമ്പത്തികവർഷം 10 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.അങ്കണവാടി ജീവനക്കാരുടെ ഓണറേറിയത്തിന്റെ മുഴുവൻ തുകയും സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം പലപദ്ധതികളിലൂടെ നിർമ്മിച്ചുവരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി SCP TSP |

| | | |
|---|---|---|
| | | പദ്ധതിയിലുൾപ്പെടുത്തി ജനസംഖ്യാനുപാതത്തെക്കാൾ കൂടുതലായി തുക വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പഠിക്കുന്ന കുട്ടികളുടെ വീട്ടിൽ അധികമായി ഒരു പഠനമുറി നിർമ്മിക്കുന്ന പദ്ധതിക്കും അംഗീകാരം നൽകി കഴിഞ്ഞു. കൂടാതെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായവും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും നൽകിവരുന്നു. പട്ടികജാതി പെൺകുട്ടികൾക്ക് 'വാൽസല്യനിധി' എന്ന പേരിൽ ഒരു ഇൻഷുറൻസ് പദ്ധതിക്കും അംഗീകാരമായിട്ടുണ്ട്.<br>ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു.<br>കയർ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെറിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് 10 കോടി രൂപയും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് 1000 രൂപ ടോക്കൺ പ്രൊവിഷനായും തുക വകയിരുത്തിയിരുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട വ്യാവസായിക സംരംഭങ്ങളുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റിൽ ധനസഹായം നൽകുന്നതിന് 1000 രൂപ ടോക്കൺ പ്രൊവിഷനായും തുക വകയിരുത്തിയിരുന്നു.<br>ലൈഫ് മിഷന് കീഴിൽ ഭവന രഹിതർക്കായുള്ള ഭവന നിർമ്മാണ പദ്ധതി പുരോഗമിച്ചുവരുന്നു. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ചിസ്, ചിസ് പ്ലസ് പരമ്പരാഗത തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ |

| | | |
|---|---|---|
| | | ഉൾപ്പെടുത്തിയിരുന്ന തൊഴിലും വരുമാനവും നഷ്ടപ്പെട്ട ബീഡിതൊഴിലാളികളെ സഹായിക്കുവാൻ രൂപീകരിച്ച പദ്ധതി വാണിജ്യവ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി | ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ നടപ്പിലാക്കാതെ പോയതുമായ എത്ര ക്ഷേമപദ്ധതികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ശുപാർശയും ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ സ്കൂൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും ഭരണവകുപ്പ് പരിശോധിച്ച് വരുന്നു. |
| സി | ബജറ്റ് പ്രസംഗത്തിൽ നടത്തുന്ന പ്രഖ്യാപനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ